സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അശമന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട സഹിതം)
നം.കെ.എസ്.എ.-ഇകെഎം(പി.2)226/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി: 11/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
അശമന്നൂർ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :അശമന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം KSAEKM (പി.2) 226 /2019 തിയ്യതി:11.03.2019

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അശമന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ നാലു എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 4.2.2019 മുതൽ 14.2.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ ഷിബു പൗലോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>(11.2.2019 മുതൽ) |
| ശ്രീ നവാസ് സി.എം. | ഓഡിറ്റർ |
| ശ്രീ പ്രവീൺ വി.എൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ എൻ.എം. സലിം | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീമതി ബിന്ദു നാരായണൻ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | അഡ്വ. ചിത്ര ചന്ദ്രൻ | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി ബിന്ദു ബെസ്സി | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം ആരോഗ്യകാര്യം | ശ്രീ ഹണിത്ത് ബേബി | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി സെമീന പി.എം. | 1.4.2017 | 15.7.2017 |
| | ശ്രീ ജോർജ് കെ.എം. (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 16.7.2017 | 3.8.2017 |
| | ശ്രീ സുഭാഷ് വി.കെ. | 4.8.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ജോർജ് കെ.എം. | 1.4.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഗായത്രി ദേവി | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, അശമന്നൂർ | ഡോ.അന്ന എം. ജോർജ് | 1.4.2017 | 4.8.2017 |
| | ഡോ. ബിജു വർഗ്ഗീസ് | 5.8.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അഖിത ഖാദർ | 1.4.2017 | 22.7.2017 |
| | ഡോ. നിസരി ജോയ് | 23.7.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീകുമാരി എ.കെ. | 1.4.2017 | 24.7.2017 |
| | ശ്രീമതി സൈനബ ഐ. | 25.7.2017 | 2.1.2018 |
| | ശ്രീമതി രജിത ടി. | 3.1.2018 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (അശമന്നൂർ) | ശ്രീമതി പ്രമീള | 1.4.2017 | 10.11.2017 |
| | ശ്രീ ഡേവിഡ് കെ.എ. | 11.11.2017 | 31.3.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മേതല) | ശ്രീമതി ഇന്ദുലേഖ കെ.വി. | 1.4.2017 | 11.7.2017 |
| | ശ്രീ ഡേവിഡ് കെ.എ. | 12.7.2017 | 31.3.2018 |
| വെറ്ററിനറി സർജൻ | ഡോ. എ.ബി.അനിൽ | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അന്ന ബേബി | 1.4.2017 | 4.10.2017 |
| | ശ്രീ ജോർജ് ജോസഫ് | 5.10.2017 | 7.11.2017 |
| | ശ്രീ ബാലകൃഷ്ണൻ എൻ. | 8.11.2017 | 4.1.2018 |
| | ശ്രീമതി അമ്പിളി കെ.കെ. | 5.1.2018 | 31.3.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീലത വി.സി. | 1.4.2017 | 31.3.2018 |
| ഹെഡ്മാസ്റ്റർ , ഗവ. യു.പി.എസ് അശമന്നൂർ | ശ്രീ കുഞ്ഞപ്പൻ കെ.എ. | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 | |
| | ഭാഗം 2 | | |
| 1 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-1 | |
| 2 | വസ്തുനികുതി നിർണ്ണയം -ഫയലുകൾ ഹാജരാക്കിയിട്ടില്ല | 2-2 | |
| 3 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-3 | |
| 4 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ | 2-4 | |

| | | | |
|---|---|---|---|
| | ഭാഗം- 3 | | |
| 1 | ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമല്ല | 3-1 | |
| 2 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിനിയോഗ വിവരം ലഭ്യമല്ല. | 3-2 | |
| 3 | രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-3 | |
| 4 | അങ്കണവാടികളുടെ നവീകരണത്തിനുള്ള വിഹിതം നൽകൽ - അപാകതകൾ | 3-4 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 22.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 14.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 27.6.2018 & 28.6.2018 | KSA EKM (PG)1786(5)/18 /29.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12278804 |
| വരവ് | 69292170 |
| ആകെ | 81570974 |
| ചെലവ് | 69335482 |
| നീക്കിയിരിപ്പ് | 12235492 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11396800 | 11396800 | 11070793 | 0 | 326007 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4099529 | 4099529 | 4055290 | 0 | 44239 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 10996 | 10996 | 2212 | 0 | 8784 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16311149 | 16311149 | 16311149 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3046965 | 3046965 | 3041673 | 0 | 5292 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 10384808 | 10384808 | 9776223 | 0 | 608585 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 3025140 | 3025140 | 2402520 | 0 | 622620 |
| എം.എൻ ആർ.ഇ. ജി.എസ്. | 14028 | 977925 | 991953 | 987688 | 4265 | 0 |
| SBI SGRY | 26863 | 1000 | 27863 | 0 | 27863 | 0 |
| ദുരിതാശ്വാശ നിധി | 31563 | 98271 | 129834 | 57443 | 72391 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2844198 | 6528000 | 9372198 | 8788878 | 583320 | 0 |
| ട്രഷറി (JV) | 0 | 1684400 | 1684400 | 1684400 | 0 | 0 |
| ട്രഷറി ICDS | 0 | 783319 | 783319 | 280240 | 503079 | 0 |
| E payment | 9274 | 24357 | 33631 | 0 | 33631 | 0 |
| ലൈഫ് സംഭാവന | 0 | 53210 | 53210 | 17600 | 35610 | 0 |
| സാക്ഷരത | 71068 | 1865 | 72933 | 24000 | 48933 | 0 |
| SBI buds | 225385 | 11410 | 236795 | 0 | 236795 | 0 |
| ശുചിത്വം SCB | 19700 | 997 | 20697 | 0 | 20697 | 0 |
| ജനകീയ ഭവനം SBI | 81546 | 990 | 82536 | 0 | 82536 | 0 |
| തനത് ഫണ്ട് | 7433346 | 25315569 | 32748915 | 21898907 | 10850008 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 172 | 73026402 | 140 | 50487393 | 23 | 9 | 81.39 |

## 1-7 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14028 | 977925 | 991953 | 987688 | 4265 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 15431904 | 15431904 | 15431904 | 0 |
| ആകെ | 14028 | 16409829 | 16423857 | 16419592 | 4265 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27120 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 7589800 | 682 |
| വിധവാപെൻ ഷൻ | 7065400 | 635 |
| വാർദ്ധക്യകാല പെൻഷൻ | 14425400 | 1305 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2976800 | 271 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 342900 | 32 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.4.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13660 /- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1) ഫ്രണ്ട് ഓഫീസ്. ഫ്രണ്ട് ഓഫീസ് ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഭിന്ന ശേഷിക്കാരായവർക്ക് ഫ്രണ്ട് ഓഫീസ് സൗകര്യം പ്രാപ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സൂചികയിൽ ഫയലുകളുടെ വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല.

2) മരാമത്ത് പ്രവൃത്തികളിൽ ടാറിംഗ് വർക്കുകളിൽ ചില ഫയലുകളിൽ ബിറ്റുമിന്റെ ബിൽ സൂക്ഷിച്ചിട്ടില്ല (ഉദാ :- പ്രൊജക്ട് നം. S01112/18, S0113/18/ S0111/18). കരാറുകാരിൽ നിന്നും ബിറ്റുമിന്റെ ബിൽ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3) ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4) തൊഴിലുറപ്പ് പദ്ധതി

സർക്കുലർ നം. 14829/DD2/09/ LSGD/ dt.2.3.2009 പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളങ്ങളും ജല സംഭരണികളും നിർമ്മിക്കുമ്പോൾ പൊതു ജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമ പഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വെക്കണം. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.1.2019 | 12/2018 | 31.1.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.1.2017 | 2011-12 മുതൽ 2015-16 വരെ | 9.3.2017 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്

## 1-13 ഓഡിറ്റ് ഇംപാക്ട്

.ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വിവിധയിനങ്ങളിലായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം 2360/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/തീയതി |
|---|---|---|---|
| 6 | മരാമത്ത് | 2360 | 118020103745/14.2.2019 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ നമ്പർ ഉത്തരവിന് വിധേയമായി പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്റർ വരെയുള്ളതിന് ചതുരശ്രമീറ്ററിന് 50/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 60/-രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

വസ്തുനികുതി രജിസ്റ്റർ പ്രകാരം 24.04.2017ൽ വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള ശ്രീ. അബൂബക്കർ (സിദ്ദീക്ക് കെ.എ), കൊക്കാട്ടിപറമ്പിൽ, നെല്ലിക്കുഴി എന്ന വ്യക്തിയുടെ ആകെ 125.81 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണവുമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 60/- രൂപ പ്രകാരമുള്ള നികുതി നിരക്ക് നൽകേണ്ടതിന് പകരം 100 ചതുരശ്ര മീറ്ററിന് താഴെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/-രൂപ പ്രകാരമുള്ള നികുതി നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഇതുപ്രകാരം വസ്തുനികുതി ഇനത്തിൽ 1510/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി (അർഹതപ്പെട്ട വർദ്ധന /ഇളവ് ഉൾപ്പെടെ) (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 13/129A | 125.81 GF | 7549 (+20%റോഡ്) | 9059 (+20%റോഡ്) | 1510 |

മേൽപ്പറഞ്ഞ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തിയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/13.2.2019) മറുപടിയൊന്നും നൽകിയില്ല. കുറവ് തുക ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ഡിമാന്റിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്.

.

### 2-2 വസ്തുനികുതി നിർണ്ണയം -ഫയലുകൾ ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് 2017-18 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടങ്ങൾക്ക് പുതിയതായി നമ്പർ അനുവദിച്ചതിന്റെ താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| വാർഡ് നമ്പരും കെട്ടിട നമ്പരും | ഉടമസ്ഥന്റെ പേര് |
|---|---|

| | |
|---|---|
| 8/236 A,B | ശ്രീ. അബ്ദുൾ ജാഫർ, വെളിയംപറമ്പിൽ, കോതമംഗലം. |
| 8/416 B | ശ്രീ. അലിയാർ, നെല്ലിക്കുന്നേൽ, കുറ്റിലിഞ്ഞി & ശ്രീ. അഷറഫ്, തടത്തിക്കുടിയിൽ, നെല്ലിക്കുഴി |
| 10/402 A | ശ്രീ. അജീബ് എം, മറ്റകൊമ്പിൽ, മേതല. |

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

(1) 2017-18 ൽ ഡി & ഒ ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | അനൂബ് ടി.എ, തുരുത്തേലിൽ, അല്ലപ്ര, 10/312A | കൈബർ പോളിമേഴ്സ് | 32/17-18 | 7 |
| 2 | മുഹമ്മദ് ഷാ, വാരിക്കാടൻ, മുടിക്കൽ പി.ഒ, 13/260A,B | അൽ അമീൻ വുഡ് ഇൻഡസ്ട്രീസ് | 48/17-18 | 34 |
| 3 | കെ.വി മുഹമ്മദ്, കുന്നത്താൻ, കേട്ടപ്പടി പി.ഒ, 6/573A | ഹിൽട്ടൺ ഇൻഡസ്ട്രീസ് | 64/17-18 | 27 |
| 4 | അന്ത്രു പി.എ, മുതുവാശ്ശേരി, പാനിപ്ര | ന്യൂ കേരള ട്രേഡേഴ്സ്, | 79/17-18 | 26 |
| 5 | മുഹമ്മദ് യൂസഫ്, പുതിയാട്ടിൽകാരയിൽ, ഒരുമനയൂർ പി.ഒ, ചാവക്കാട്, 1/209 | റെയിൻബോ പ്ലൈ & ബോർഡ്സ് | 119/17-18 | 12 |
| 6 | മുഹമ്മദ് യൂസഫ്, പുതിയാട്ടിൽകാരയിൽ, ഒരുമനയൂർ പി.ഒ, ചാവക്കാട്, 12/346B | മീഡിയ പ്ലൈ & ബോർഡ്സ് | 120/17-18 | 50 |
| 7 | മുഹമ്മദ് സിദ്ദീഖ് എസ്, അരിമ്പശ്ശേരി, സൗത്ത് വാഴക്കുളം | അറ്റലസ് പ്ലൈ & ബോർഡ്സ് | 127/17-18 | - |
| 8 | സക്കീർ കെ.യു, കാരോത്തുകുടി, മാറംപള്ളി, 13/260 | റിയൽ വുഡ് ഇൻഡസ്ട്രീസ് | 145/17-18 | 10 |
| 9 | അജനാസ് പി.എ, പാറേക്കാട്, നെല്ലിക്കുഴി, 8/421A | സ്റ്റാൻഡേർഡ് പ്ലൈ | 274/17-18 | 26 |
| 10 | സലിം പി.പി, പള്ളിത്താഴത്ത്പുത്തൻപുര, മാതിരിപ്പിള്ളി, 9/221 | എവർഗ്രീൻ പ്ലൈ & ബോർഡ്സ് | 280/17-18 | 19 |
| 11 | വിജയകുമാർ, കൊറ്റിയാറ, അശോകപുരം പി.ഒ | ന്യൂ സ്റ്റാർ പ്ലൈവുഡ്സ് | 281/17-18 | - |

| | | | | |
|---|---|---|---|---|
| 12 | മുഹമ്മദ് ഷക്കീൽ ഖാൻ, മന്നത്ത്, ചേരൂർ പി.ഒ, തൃശ്ശൂർ | കെ.ജി.എൻ ഗ്ലാസ്സ് | 267/17-18 | 7 |

(2) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | പനിച്ചയം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 2 | മേതല ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 3 | സ്വതന്ത്ര ക്ഷീരോല്പാദക സഹകരണ സംഘം, ചെറുകുന്നം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 4 | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലി., ഓടക്കാലി | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/12.2.2019) മറുപടിയൊന്നും ലഭിച്ചില്ല. തൊഴിൽ നികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള മുഴുവൻ തുകയും അസസ്സ്ചെയ്ത് പിരിച്ചെടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോഴിഫാമുകൾക്ക് 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ ലൈസൻസ് നൽകുന്നില്ല. ചട്ടം 3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെയും ചട്ടങ്ങളിലെയും നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പട്ടികയിലുള്ള 6 കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ഇത് ഡി & ഒ ലൈസൻസ് ചട്ടപ്രകാരമാണ് നൽയിട്ടുള്ളത്. ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഫാം ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ഫാറം 1 ൽ ഉള്ള അപേക്ഷ, അതിന്മേൽ സെക്രട്ടറി നൽകുന്ന അനുമതി പത്രം, ചട്ടം 7 പ്രകാരം ഫാം നടത്തിപ്പിനായി ഫാറം 2 ൽ ഉള്ള അപേക്ഷയും ഫാറം.3 ൽ നൽകുന്ന ലൈസൻസ്, ലൈസൻസ് നൽകുന്ന വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ ഒന്നും തന്നെ സൂക്ഷിക്കാതെ കോഴി ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

| ക്രമ | ലൈസൻസ് | ലൈസൻസി | കെട്ടിട |
|---|---|---|---|

| നം. | നം. | | നം. |
|---|---|---|---|
| 1 | 7/17-18 | മൈതീൻ കുഞ്ഞ് ടി.എൻ, തോട്ടത്തിക്കുടി, അശമന്നൂർ പി.ഒ | 6/156B |
| 2 | 77/17-18 | ജലീൽ വി.എം, വട്ടരാൻ, പാനിപ്ര പി.ഒ | 7/410A |
| 3 | 91/17-18 | മനോജ് കുമാർ ആർ, തെങ്ങനാൽ, മേതല പി.ഒ | 12/143A |
| 4 | 117/17-18 | യോഹന്നനാൻ പി.കെ, പുളിഞ്ചിയിൽ, അശമന്നൂർ പി.ഒ | 1/106A |
| 5 | 201/17-18 | തുമ്മാറു പൗലോസ്, പനക്കൽ, മേതല പി.ഒ | 12/62A |
| 6 | 226/17-18 | മോഹനൻ ടി.എൻ, തെങ്ങനാൽ, മേതല പി.ഒ | 12/1B |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/12.2.2019) മറുപടിയൊന്നും നൽകിയില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് വർക്ക് - വിനിയോഗ വിവരം ലഭ്യമല്ല

1. നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി.

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0174/18, കുട്ടച്ചിറ അങ്കണവാടി ഇലക്ട്രിക് കണക്ഷൻ |
| ചെലവ് തുക | 44000/-<br>(21700825/ 26.3.2018 = 14000/-<br>21700845/ 26.3.2018 = 30000/-) |

മേൽ പ്രൊജക്ട് പ്രകാരം 44,000/- രൂപ PWD ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂരിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തികരിച്ചതിന്റെ ഫൈനൽ ബില്ലോ പൂർത്തീകരണ സർട്ടിഫിക്കറ്റോ ലഭ്യമാക്കിയില്ല.

ഐ.കെ.എം. വിഹിതം നൽകൽ.

പ്രൊജക്ട് നം.S0089/18 പ്രകാരം 49458/- രൂപ ( ബിൽ നം. 11/15.9.2017) രൂപ നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (17/13.2.2019) മറുപടിയിൽ വിനിയോഗ വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് നം., പേര് | S0083/18, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| ചെലവ് | 4,00,000/- 17/25.11.2017 |
| അടങ്കൽ | 4,00,000/- |

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്യുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം 4,00,000/- വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 4,00,000/- രൂപയാണ് അടങ്കൽ തുക. വാട്ടർ അതോറിറ്റിയുടെ ജനറൽ അബ്സ്ട്രാക്ട് പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | പി.പി.ആശാൻ റോഡ് | നൂലേലി പള്ളിപ്പടി റോഡ് | എടത്വക്കാവ് റോഡ് പൂമല അങ്കണവാടിക്ക് സമീപം |
|---|---|---|---|
| വർക്കിംഗ് ചാർജസ് | 66446.64 | 102403.19 | 107663.02 |
| മെറ്റീരിയൽ ചാർജസ് | 22332.90 | 30881.44 | 25534.60 |
| സെന്റേജ് ചാർജസ് @12.5% | 11097.44 | 16660.58 | 16649.70 |
| നൽകാവുന്ന സെന്റേജ് ചാർജസ് @10 % | 8878 | 13328.46 | 13319.76 |
| സെന്റേജ് ചാർജസ് അധികം നലേകിയത് 2.5% | 2219.44 | 3332.12 | 8881.50 |
| Lump sum | 123 | 54.80 | 152.68 |
| ആകെ | 100000 | 150000 | 150000 |

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2) സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജും 2.5%എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാവുന്നതാണ്. എന്നാൽ പി.ഡബ്ല്യു.ഡി മാന്വൽ 1601.4 Deposit Works പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. സെന്റേജ് ചാർജിനത്തിൽ 8881.50 രൂപ (2.5%) അധികം നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/12.2.2019) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് നിർവ്വഹണത്തിലെ മേൽ അപാകതകൾ കാരണമായി മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 400000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-3 രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | S0099/18, വാട്ടർ കണക്ഷൻ (ജനറൽ) |
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 3,75,000/-<br>4/17-18 dt.11.12.2017= 145000/-<br>7/17-18 dt. 7.2.2017 = 65000/-<br>17/17-18 dt. 6.3.2018 = 60000/-<br>11/17-18 dt. 6.3.2018 = 15000/-<br>20/17-18 dt. 14.3.2018 = 15000/-<br>29/17-18 dt.23.3.2018 = 75000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം വാട്ടർ കണക്ഷൻ എടുക്കുന്നതിലേക്കായി 75 ഗുണഭോക്താക്കൾക്ക് 5,000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/13.2.2019) മറുപടിയൊന്നും നൽകിയില്ല. വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 അങ്കണവാടികളുടെ നവീകരണത്തിനുള്ള വിഹിതം നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം.,പേര് | S0165/2017-18, അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ 17 അങ്കണവാടികളുടെ നവീകരണത്തിനുള്ള വിഹിതം നൽകൽ . |
| അടങ്കൽ | 680000(ധനകാര്യ കമ്മീഷൻ അവാർഡ്) + 680000 (റോഡിതരം) = 1360000 |
| ചെലവ് | 680000 |
| ബിൽ നം./ചെക്ക് നം. | നം. 32/17-18/ 28/03/2017 |
| നിർവ്വഹണം | സെക്രട്ടറി |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ആകെ 680000 രൂപ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ചെലാൻ പ്രകാരം 28-03-2018 ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്തത് പ്രകാരമുള്ള പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടില്ല. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20-04-2018 ലെ നമ്പർ എ1-ഡെപ്പോസിറ്റ് /ജന.പ്രകാരമുള്ള തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് പ്രകാരം അശമന്നൂർ ഗ്രാമ പഞ്ചായത്ത് 28-03-2018 ൽ ഡെപ്പോസിറ്റ് ചെയ്ത് 680000/- രൂപയുടെ ചലാൻ തിരിച്ചയക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചലാൻ അയച്ചുകൊടുക്കേണ്ടത് അതാത് ജില്ലാ പൊതുമരാമത്ത് വകുപ്പ്

കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിലേക്കാണെന്ന് അറിയിച്ചുകൊണ്ടും സാമൂഹ്യ നീതി ഡയറക്ടറുടെ കത്തിന്റെ (നം.ICDS.A7-3187/16 14-08-2017) അവസാന ഭാഗത്ത് ഇക്കാര്യം വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട് എന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിൽ പറഞ്ഞിട്ടുണ്ട്. 19-05-2018 ലെ നം. സി6-1275/06 പ്രകാരമുള്ള എറണാകുളം പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം എഞ്ചിനീയറുടെ കത്ത് പ്രകാരം അശമന്നൂർ ഗ്രാമ പഞ്ചായത്തിലെ 17 അങ്കണവാടികളുടെ നവീകരണത്തിനായി തുക ഒടുക്കിയത് ഇപ്പോൾ ഈ ഓഫീസിൽ ഏറ്റെടുത്ത് നടത്താൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അതത് തദ്ദേശ സ്ഥാപനം തന്നെ ഏറ്റെടുത്ത് നടത്തുവാനും അറിയിച്ചിട്ടുണ്ട്.

2. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 24-03-2017 തീയതിയിലെ ഉത്തരവ് നം. ഐ.സി.ഡി.എസ്./എ7-3187/16 തീയതി 24-03-2017 കത്ത് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ 40% വിഹിതം അതാത് ജില്ലാ പൊതുമരാമത്ത് കെട്ടിട വിഭാഗം എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്യുവാനായി അറിയിച്ചിരുന്നു. 14-08-2017 ൽ നം. ICDS-A7-3187/16 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്നതിൽ വ്യക്തത വരുത്തുന്നതിനായി ഹെഡ് ഓഫ് അക്കൗണ്ട് സംബന്ധിച്ച് വ്യക്തത വരുത്തുകയും തുക ഒടുക്കുവാനായി അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ തുക ഡെപ്പോസിറ്റ് ചെയ്ത ചെലാൻ വേണ്ടത്ര ശ്രദ്ധ കൊടുക്കാതെ തൃശ്ശൂരിലേക്കാണ് (28-03-2018ൽ)അയച്ച് കൊടുത്തത്. തുക ഡെപ്പോസിറ്റ് ചെയ്യാൻ ഒരു വർഷം താമസിച്ചത് വ്യക്തമല്ല. ബന്ധപ്പെട്ട ഉത്തരവുകളിൽ തുക അടയ്ക്കേണ്ടത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും കാലതാമസം വരുത്തുകയും ചലാൻ തൃശ്ശൂരിലേക്ക് അയക്കുകയും ചെയ്തതു മൂലം നാളിതുവരെ പ്രോജക്ട് നിർവ്വഹണം നടത്താൻ സാധിക്കാതെ വന്നിട്ടുണ്ട്. അടവാക്കിയ തുക തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2017-18 വർഷത്തിന്റെ തുടക്കത്തിൽ തന്നെ വ്യക്തമായ നിർദ്ദേശങ്ങളോടെ സാമൂഹ്യ നീതി വകുപ്പിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടും ആയത് വ്യക്തമായി പരിശോധിക്കാതെ തുക ഡെപ്പോസിറ്റ് ചെയ്യുകയും പ്രോജക്ട് നടപ്പാക്കാതെ വരികയും ചെയ്തത് ആസൂത്രണത്തിലെ പോരായ്മയാണ്. നാളിതുവരെ ഡെപ്പോസിറ്റ് ചെയ്ത 680000/- രൂപ ഗ്രാമ പഞ്ചായത്തിലേക്ക് തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ ടി തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 650000 | ഇല്ലത്തുപടി മണികുന്ന മോളം അമ്പലം റോഡ് | 650000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | മാനസികമായി വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 116900 | ക്ഷീര കർഷകർക്ക് സബ്സിഡി | 116900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | മാനസികമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 417500 | നെൽകൃഷി കൂലി ചെലവ് | 417500 | 0 |
| | | 1684400 | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ | 21700687 | 400000 | 0 | 400000 |
| KSEB | സ്ട്രീറ്റ് ലെയിൻ മെയിൻ എക്സ്റ്റൻഷൻ | 21700984 | 589768 | 0 | 589768 |
| PWD | കോട്ടച്ചിറ അങ്കണവാടി ഇലക്ട്രി ഫിക്കേഷൻ | 21700825 & 21700942 | 44000 | 0 | 44000 |
| PWD | അങ്കണവാടി മെയിന്റനൻസ് | 21700982 | 680000 | 0 | 680000 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ (രജിസ്റ്റർ പ്രകാരം) ലഭിച്ച 3300/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2016-17 | 4 | 3300 | അഡ്വ. എൻ.കെ. ഖാർനിഷ് | 117020101557/ 9.10.2017 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

.പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2-6 | 2005-06 | 37.1 | ഇല്ലത്തുപ്പടി ശുദ്ധജല പദ്ധതി മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് | ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിച്ചു. |
| 1999-00 | 2-8 | 2005-06 | 37.2 | വനിത ഫിഷ് മാർക്കറ്റിന് ഫ്രിഡ്ജ് , ഫ്രീസർ വാങ്ങിയത് ഉപയോഗശൂന്യമായത് | -ടി- |
| 1999-00 | 2-9 | 2005-06 | 37.3 | വിവരവിനിമയ സാങ്കേതിക സർവ്വേ | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി ലക്ഷ്യം കൈവരിക്കാത്തത് | |
| 1999-00 | 2-10 | 2005-06 | 37.4 | ലിഫ്റ്റ് ഇറിഗേഷൻ | -ടി- |

## 4-8. ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69292170 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69335482 |
| വരവിനങ്ങളിലുള്ള നഷ്ടം | 1510 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1173458 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 2-1 | 1510 | - | ശ്രീമതി പി.എം. സെമീന സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 44000 | ശ്രീമതി സുബൈദ, സെക്രട്ടറി |
| 3-1(2) | 49458 | ശ്രീ സുഭാഷ് വി.കെ, സെക്രട്ടറി |
| 3-2 | 400000 | ശ്രീ സുഭാഷ് വി.കെ, സെക്രട്ടറി |
| 3-4 | 680000 | ശ്രീ സുഭാഷ് വി.കെ, സെക്രട്ടറി |
| | 1173458 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുഭാഷ് വി.കെ., സെക്രട്ടറി | വിരമിച്ചു | വടക്കേൽ ഹൗസ്, ആശ്രാം പി.ഒ., മൂവാറ്റുപ്പുഴ |
| ശ്രീമതി പി.എം. സെമീന , സെക്രട്ടറി | ലഭ്യമാക്കിയില്ല | മരോട്ടിക്കൽ ഹൗസ്, എടത്തല, 683561 |
| ശ്രീമതി സുബൈദ ടി.എ. സെക്രട്ടറി | സെക്രട്ടറി അശമന്നൂർ ഗ്രാമ പഞ്ചായത്ത് | മൂക്കട ഹൗസ്, കൊട്ടമം, നീലേശ്വരം പി.ഒ. 683574 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1998-99 | LFE(P2)139(3)/11dt.19.5.11 |
| 1999-00 | LFE(P2)1395(36)/11dt.19.5.11 |
| 2000-01 | KSA-EKM(P2)719/15 dt.22.09.15 |
| 2001-02 | KSA-EKM(P2)719/15 dt.22.09.15 |
| 2004-05 | KSA-EKM(P2)719/15 dt.22.09.15 |
| 2005-06 | LFE(P2)1272/09dt.1.6.2011 |
| 2006-07 | LFE(P2)1273/11dt.8.3.2010/7.6.10 |
| 2007-08 | LFE(P2)2034/12dt.5.3.2013 |
| 2008-09 | LFE(P2)2035/12dt.6.3.2013 |
| 2009-10 | LFE(P2)2035/15dt.21.1.2016 |
| 2010-11 | LFE(P2)2035/15dt.21.1.2016 |
| 2011-12 | LFE(P2)2035/15dt.21.1.2016 |
| 2012-13 | LFE(P2)985/15dt.22.4.2015 |
| 2013-14 | LFE(P2)985/15dt.22.4.2015 |
| 2014-15 | LFE(P2)1190/16dt.20.7.2016 |
| 2015-16 | KSA EKM(P2)2121/16dt.13.12.2016 |
| 2016-17 | KSA EKM(P2)2210/17 dt.30.11.2017/ 16.12.2017 |

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇകെഎം(പി.2)226/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി: 11/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അശമന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

**2017-18**സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2.ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ദുരിതാശ്വാസ നിധി ഫണ്ടിൽ നിക്ഷേപിക്കേണ്ട 20000/- രൂപ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

4. കെ.പി.ഇ.പി.എഫ്. (സബ്സിക്രിപ്ഷൻ) തുകയായി ബി 9 ഷെഡ്യൂൾ പ്രകാരം അടക്കുവാൻ ബാക്കിയുള്ളതായി അക്കൗണ്ട്സിൽ ചേർത്തിരിക്കുന്നത് 62060/- രൂപയാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ